GOVERNMENT OF KERALA

**URGENT/ FAX**

No.168533/DC3/2015/LSGD

Local Self Govt.(DC) Dept.
Thiruvananthapuram,
Dated. 16.7.2015

From

The Principal Secretary to Govt.

To.

The Director of Panchayats, Thiruvananthapuram
The Director of Urban Affairs, Thiruvananthapuram
The Commissioner, Rural Development, Thiruvananthapuram
The Chief Engineer, LSGD, Thiruvananthapuram
The Advocate General, Ernakulam
The Principal Accountant General, (Audit), (A&E)/ (LBA&A), Kerala, Thiruvananthapuram
The Director, Information & Public Relations Department

Sub:- LSGD-E-tendering of works- G.O (Rt) No. 2137/15/LSGD dtd. 15.7.2015-Kept in abeyance for a period of one week- Intimation - reg.

Ref:- 1. G.O(Rt) No. 2137/15/LSGD dtd. 15.7.2015.
2. Judgment dtd. 15.7.2015 in WP(C) No. 20172/15 filed by Sri. K.R.Krishnakumar.

I am directed to inform you that the G.O referred 1st above should be kept in abeyance for a period of one week, as per the directions in the judgment, referred 2nd above.

Your Faithfully
**J.SELVARAJ**
Deputy Secretary
For Principal Secretary to Govt.

Approved for issue,

Section Officer

Encl : GO Ref (1)

കേരള സർക്കാർ

*സംഗ്രഹം*

തദ്ദേശ സ്വയംഭരണ വകുപ്പ് -മരാമത്ത് പ്രവൃത്തികൾ- ഇ-ടെണ്ടർ നടപടികൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ- ഭേദഗതി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ (സാധ) നമ്പർ 2137/2015/തസ്വഭവ          തീയതി, തിരുവനന്തപുരം. 15.7.2015

=====================================================================

പരാമർശം :- 1. 30.4.2015-ലെ സ.ഉ (സാധാ) നം. 1288/2015/തസ്വഭവ നമ്പർ ഉത്തരവ്.

2. 24-6-2015-ാം തീയതിയിലെ WP (C) No.18954/15 , WP(C) No. 15444/15 -ലെ IA നം.8551/2015 എന്നിവയിൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 24/6/2015-ലെ വിധിന്യായങ്ങൾ.

3. 6.7.2015-ലെ WP(C) No.20175/15-ൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ്.

4. ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) നം.20172/2015 -ന്മേൽ 8/7/2015- ന് നൽകിയ നിർദ്ദേശം.

5. 08.7.2015-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 2.2 ആയിട്ടുള്ള തീരുമാനം

## ഉത്തരവ്

പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ മുഖാന്തിരം നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് പരാമർശം മൂന്നിൽ പ്രതിപാദിച്ചിരിക്കുന്നതിൻ പ്രകാരം ബഹു.ഹൈക്കോടതി രണ്ടാഴ്ച സമയത്തേയ്ക്ക് ഇ-ടെണ്ടർ നടപടി ഭേദഗതി സംബന്ധിച്ചുള്ള തീരുമാനം മരവിപ്പിച്ചുകൊണ്ട് ഉത്തരവായിരുന്നു. സൂചന 4-ൽ പ്രതിപാദിച്ചിരിക്കുന്നതിൻ പ്രകാരം ഹൈക്കോടതി 8.7.2015-ലെ കോർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനം കൈക്കൊള്ളാൻ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് ഭേദഗതി വരുത്തുന്നതിനെതിരെ ഫയൽ ചെയ്ത റിട്ട് പെറ്റീഷനിന്മേൽ പരാമർശം 2-ലെ ബഹു.ഹൈക്കോടതിയുടെ വിധിന്യായ പ്രകാരം പരാതിക്കാരായ, ശ്രീ.കെ. ആർ. കൃഷ്ണകുമാർ, സെക്രട്ടറി, കേരള ഗവൺമെന്റ് കോൺട്രാക്റ്റേഴ്സ് ഫെഡറേഷൻ, ശ്രീ..ടി.കെ. സജീവ്, പ്രസിഡന്റ്, കവിയൂർ ഗ്രാമപഞ്ചായത്ത് എന്നിവരെ കോർഡിനേഷൻ കമ്മിറ്റി ചുമതലപ്പെടുത്തിയ സബ്കമ്മിറ്റി 7.7.2015-ൽ നേരിൽ കേട്ട ഹിയറിംഗിനെ സംബന്ധിച്ച് 8.7.2015-ൽ നടന്ന കോർഡിനേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്യുകയും ഇതിന്റെ അടിസ്ഥാനത്തിൽ പരാമർശം 1-ലെ സർക്കാർ ഉത്തരവ് ഭേദഗതി വരുത്താൻ തീരുമാനിക്കുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം 1-ലെ സർക്കാർ ഉത്തരവ് ചുവടെ ചേർക്കും പ്രകാരം ഭേദഗതി ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(.... 2)

1. 2015-16 വർഷത്തിൽ ഇ-ടെണ്ടർ നടത്താൻ ബുദ്ധിമുണ്ടെന്ന് ഭരണസമിതി തീരുമാനമെടുക്കുന്ന സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മുൻവർഷത്തെ പോലെ 15 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾ ഗുണഭോക്തൃ കമ്മിറ്റി മുഖേന നടപ്പിലാക്കാവുന്നതാണ്.

2. 2015-16-ലെ പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അനുമതി ലഭിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട് ഇനി മാറ്റം വരുത്തേണ്ടതില്ല.

3. 2016-17 സാമ്പത്തിക വർഷം മുതൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 5 ലക്ഷം രൂപയോ അതിനുമുകളിലോ ഉള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന നടപ്പാക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം

**ജെ. സെൽവരാജ്**
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
കമ്മീഷണർ, ഗ്രാമവികസന വകുപ്പ്
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
അഡ്വക്കേറ്റ് ജനറൽ , എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (Audit), (A&E)/(LBA&A), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി/ വെബ് & ന്യൂസ് മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ